മലയാള മനോരമ
ESTABLISHED 1888

19 October 2019

# മത്സ്യമേഖലയെ പഠിക്കാൻ വിദേശസംഘം മുനമ്പത്ത്

കൊച്ചി ● ട്രോവിങ് വലയിൽ കുടുങ്ങിയ 2 മീറ്റർ വലുപ്പമുള്ള ഭീമൻ സ്രാവ്, മത്സ്യത്തീറ്റ മില്ലുകളിലേക്ക് അയക്കുന്നതിനായി കൂട്ടിയിരിക്കുന്ന ടൺകണക്കിന് വിവിധയിനം മത്സ്യക്കുമ്പാരങ്ങൾ, മീൻകുട്ടങ്ങൾ ചുണ്ടിക്കാണിച്ച് ഉച്ചത്തിൽ ലേലം വിളിക്കുന്ന തരകൻമാർ...ഇന്ത്യൻ മത്സ്യമേഖലയെക്കുറിച്ച് പഠിക്കാനെത്തിയ വിദേശസംഘത്തിന് മുനമ്പം തുറമുഖത്തെ പുലർകാല കാഴ്ചകൾ കൗതുകമുണർത്തി. ഇന്ത്യയിലെ സമുദ്രമത്സ്യമേഖലയെക്കുറിച്ചും മത്സ്യകൃഷിരീതികളെക്കുറിച്ചും മനസിലാക്കാൻ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) എത്തിയ വിദേശസംഘമാണ് കടലിൽ നിന്ന് പിടിക്കുന്ന വിവിധ മത്സ്യയിനങ്ങളെയും അവയുടെ വിപണനരീതികളെക്കുറിച്ചുമറിയാൻ തുറമുഖത്ത് നേരിട്ടെത്തിയത്.

ആഫ്രിക്കൻ-ഏഷ്യൻ മേഖലകളിൽ നിന്നുള്ള 10 രാജ്യങ്ങളിലെ ഫിഷറീസ് ഉദ്യോഗസ്ഥരെ പരിശീലിപ്പിക്കാൻ സിഎംഎഫ്ആർഐ നടത്തുന്ന 15 ദിവസത്തെ രാജ്യാന്തര ശിൽപശാലയുടെ ഭാഗമായായിരുന്നു തുറമുഖ സന്ദർശനം. ആഫ്രിക്കൻ ഏഷ്യൻ റൂറൽ ഡവലപ്മെന്റ് ഓർഗനൈസേഷനിലെ (ആർഡോ) അംഗരാജ്യങ്ങളായ ലബനൻ, ജോർദാൻ, മൊറോക്കോ, മലാവി, സാംബിയ, ഒമാൻ, ഇറാഖ്, മലേഷ്യ, മൗറീഷ്യസ്, ശ്രീലങ്ക എന്നീ രാജ്യങ്ങളിലെ പ്രതിനിധികളാണ് ശിൽപശാലയിൽ പങ്കെടുക്കുന്നത്.